LIBRARY ARCHIVES Kerala Legislative Assembly

അതിനുപുറമേ ഒന്നുരണ്ടുതവണ കടൽ കയറുകയും വെള്ളപ്പൊക്കം ഉണ്ടാവുകയും ചെയ്തു. പലയിടത്തും നാശനഷ്ടങ്ങളുണ്ടായി. ഈ സാഹചര്യത്തിൽ അവർ വളരെ ഭയത്തോടുകൂടിയാണ് കഴിയുന്നത്. മുഖ്യമായി വന്ന ഡിമാൻഡ് കടൽഭിത്തി കെട്ടുന്നതു സംബന്ധിച്ചാണ്. സുനാമിബാധ ഉണ്ടായ ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് പഞ്ചായത്തുകളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനുള്ള വർക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൂന്ന് പഞ്ചായത്തുകളിലെ വർക്കുകൾ പ്രത്യേക പ്രാധാന്യത്തോടുകൂടി ചെയ്തുകൊണ്ടിരിക്കുകയാണ്. മറ്റു സ്ഥലങ്ങളിലും കടൽഭിത്തി ഉണ്ടാവണം എന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇപ്രാവശ്യത്തെ ധനകാര്യകമ്മീഷൻ ശുപാർശയിൽ കടൽഭിത്തി കെട്ടുന്നതിന് പ്രത്യേക അലോട്ടുമെന്റ് വന്നിട്ടുണ്ട്. അതായത് കടൽഭിത്തി കെട്ടുന്നത് അവിടുത്തെ ജനങ്ങളുടെ ഇടയിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് ആവശ്യമാണ് എന്നു കരുതുന്നു. അതുകൊണ്ട് മാത്രമായില്ല. അവരുടെ ജീവിതസാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ചേ മതിയാവൂ. തീരപ്രദേശത്തെ പ്രത്യേക സാഹചര്യം ഗവൺമെന്റ് മനസ്സിലാക്കി തീരപ്രദേശങ്ങൾക്കുവേണ്ടി, അതായത്, അടിസ്ഥാന സൗകര്യങ്ങളും ജീവിത സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കത്തക്ക വിധത്തിൽ ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. എത്രയും വേഗം അതിന് വ്യക്തമായ രൂപംകൊടുക്കാനുള്ള നടപടി എടുക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, തീരദേശവികസന ഏജൻസി പ്രവൃത്തിപഥത്തിൽ കൊണ്ടുവരും എന്ന് ഈ സഭയിൽ നേരത്തെ ഉറപ്പുനൽകിയതാണ്. സംസ്ഥാന ബഡ്ജറ്റിൽ തീരദേശവികസന ഏജൻസിക്ക് പണം വകകൊള്ളിക്കുകയുണ്ടായി. അടിയന്തിരമായി തീരദേശവികസന ഏജൻസി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: തീരദേശവികസന ഏജൻസി ഇവിടെ അനൗൺസ് ചെയ്യുകയും അതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആ ഏജൻസിയെ സംബന്ധിച്ചുള്ള റൂൾസ് ആന്റ് റഗുലേഷൻസ് കാബിനറ്റ് അംഗീകരിച്ചുകഴിഞ്ഞു. അതിനുള്ള അംഗങ്ങളെ ഉടനെതന്നെ നിശ്ചയിക്കുന്നതാണ്.

VI സബ്മിഷൻ

(1) ജൂലൈ 5-ാം തീയതിയിലെ പണിമുടക്ക്

ശ്രീ. എ. കെ. ബാലൻ : സർ, ഇത് ഒരു സബ്മിഷനിൽ ഒതുങ്ങുന്ന പ്രശ്നം അല്ലെന്ന് അങ്ങേക്കറിയാം എന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിലെ എഴുപത്തഞ്ച് ലക്ഷത്തോളം വരുന്ന തൊഴിലാളികളും ജീവനക്കാരും ഇന്ന് കേരള ഗവൺമെന്റിന്റെ

തെറ്റായ വ്യവസായ തൊഴിൽ നയത്തിനെതിരായി പണിമുടക്ക് നടത്തി പ്രതികരിക്കുകയാണ്. കേരളത്തിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ഐക്യവേദിയായ സ്പോൺസറിംഗ് കമ്മിറ്റിയാണ് ഈ പണിമുടക്കിന് ആഹ്വാനം നൽകിയിട്ടുള്ളത്. കേരളത്തെ അക്ഷരാർത്ഥത്തിൽ ഇളക്കിമറിക്കുന്ന ഐതിഹാസികമായ വിദ്യാർത്ഥി സമരത്തിന്റെ അന്തരീക്ഷത്തിലാണ് ഈ പണിമുടക്ക് പ്രഖ്യാപനം. ഇന്ന് കേരളം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളും ജീവനക്കാരും സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്ന അഞ്ചാമത്തെ പൊതുപണിമുടക്കാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 15 ലക്ഷം പേർക്ക് ജോലി വാഗ്ദാനം ചെയ്തതാണ്. അഞ്ചേകാൽ ലക്ഷം സംസ്ഥാന ജീവനക്കാരായിരുന്നു ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നത്. ഇന്ന് അത് നാലര ലക്ഷമായി ചുരുങ്ങി. 75,000 ജീവനക്കാരെയാണ് ഡൗൺസൈസിംഗ് നടത്തി പിരിച്ചുവിട്ടത്. പൊതുമേഖലയിലെ 1,13,000 തൊഴിലാളികളിൽ 20,000 തൊഴിലാളികളെ വി. ആർ. എസ്. നൽകി പിരിച്ചുവിട്ടു. മൊത്തം 95,000 ജീവനക്കാരും തൊഴിലാളികളും ഇന്ന് തൊഴിൽമേഖലയിൽനിന്നും പരിപൂർണ്ണമായി പുറത്തായിരിക്കുകയാണ്. ഇതിൽ പകുതി അതായത് 47,500 എണ്ണം റിസർവേഷൻ ഇനത്തിൽ എസ്.സി./എസ്.ടി. പിന്നോക്ക ന്യൂനപക്ഷത്തിന് അവകാശപ്പെട്ടതാണ് നഷ്ടപ്പെട്ടത്. ചൗധരി കമ്മീഷൻ റിപ്പോർട്ട് പ്രകാരം സിക്ക് ഇൻഡസ്ട്രി ആയി പ്രഖ്യാപിച്ച വ്യവസായത്തെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് യാതൊന്നും ചെയ്തിട്ടില്ല. ഒറ്റത്തവണ സഹായപദ്ധതി എട്ട് മാസം മുൻപ് പ്രഖ്യാപിച്ചിട്ടും കാൽക്കാശ് ഇതുവരെ തൊഴിലാളിക്ക് കൊടുത്തിട്ടില്ല. പുനരുദ്ധരിക്കാൻ കഴിയുമായിരുന്ന ഏതെങ്കിലും വ്യവസായത്തെ രക്ഷിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നില്ല. പിറ്റൂർ ഷുഗർ, കെൽട്രോൺ കൗണ്ടർവ്സ്, ഓട്ടോ കാസ്റ്റ്, കോഴിക്കോട് ജില്ലയിലെ കോട്ടൺമിൽ ഇവയൊക്കെ റിവൈവ് ചെയ്യാൻ പറ്റുന്ന വ്യവസായ സ്ഥാപനങ്ങളായിരുന്നു. 70 ലക്ഷത്തോളം വരുന്ന പരമ്പരാഗത അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സ്ഥിതിയും ഇതുതന്നെയാണ്. രണ്ടരലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം വേതനംപോലും കൊടുത്തിട്ടില്ല. രണ്ട് മാസമായി ആ തൊഴിലാളികൾ അനിശ്ചിതമായി സമരത്തിലാണ്. എൺപത്തിമൂന്ന് രൂപ മുപ്പത്തിയേഴ് പൈസ മിനിമം വേജസ് ഉണ്ടായിരുന്നത് ഇപ്പോൾ മുപ്പത്തിമൂന്ന് രൂപ കുറച്ചാണ് കൊടുക്കുന്നത്. മുന്നിലൊന്ന് തൊഴിലാളികൾ എസ്. സി. വിഭാഗത്തിൽപ്പെടുന്നവരാണ്. 30 കാഷ്യൂ കോർപ്പറേഷനുകൾ ഉണ്ട്. കാഷ്യൂ കോർപ്പറേഷനിൽ ആഴ്ചയിൽ മൂന്നു ദിവസം മാത്രമാണ് ജോലി. ഈ സ്ഥാപനങ്ങളെല്ലാം രണ്ടരക്കൊല്ലം അടച്ചിട്ടു. അൻപത് മാസത്തിനുള്ളിൽ ആകെ നൂറ് ദിവസമാണ് ഈ ഗവൺമെന്റ് ജോലി കൊടുത്തത്. നാല് ലക്ഷം തൊഴിലാളികളുള്ള കയർ മേഖല പരിപൂർണ്ണമായി തകർന്നു. ഈ രംഗത്തെ സംരക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളെ ഇല്ലാതാക്കി. ഗവൺമെന്റ് ബഡ്ജറ്റ് മുഖേന ലഭിച്ച പതിനഞ്ചുകോടി രൂപ കൊള്ളയടിച്ചു. സ്വയംസഹായ സംഘങ്ങൾ എന്ന പേരു പറഞ്ഞുകൊണ്ടാണ് ഈ കൊള്ള നടത്തിയത്. ഒന്നരലക്ഷം തൊഴിലാളികളുള്ള കൈത്തറി രംഗം പരിപൂർണ്ണമായി തകർന്നിരിക്കുന്നു. നവീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതി നടപ്പിലാക്കിയില്ല. പ്രതിവർഷം 78 ദിവസങ്ങൾ ഉത്സവദിവസങ്ങളിൽ 20 ശതമാനം റിബേറ്റ് കൊടുത്തിരുന്നതാണ്. ഇന്ന് അത് 37 ദിവസമായി ചുരുക്കി. കോമൺ മിനിമം പ്രോഗ്രാമിൽ ഉൾപ്പെടുത്തിയതാണ് പരമ്പരാഗത വ്യവസായസംഘങ്ങളുടെ പുനരുദ്ധാരണം. ഈ ഗവൺമെന്റ് അതിനുവേണ്ടി യാതൊന്നും ചെയ്തില്ല. ഖാദി മേഖലയിലെ 50000 തൊഴിലാളികൾ പട്ടിണിയിലാണ്. കേരളത്തിൽ ആവശ്യമായ ഖാദിയുടെ 10 ശതമാനം പോലും ഇവിടെ ഉത്പാദിപ്പിക്കുന്നില്ല. പട്ടിണി കിടക്കുന്ന തൊഴിലാളികൾ കെട്ടിത്തൂങ്ങുകയാണ്. മത്സ്യരംഗത്ത് മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ഉണ്ട്. സുനാമി ഫണ്ടു പോലും വകമാറ്റി ചെലവഴിച്ചു; മണ്ണെണ്ണ സബ്സിഡിപോലും കൊടുക്കാൻ കഴിയുന്നില്ല. ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിനാല് രൂപയ്ക്കു വാങ്ങി വള്ളത്തിൽ ഉപയോഗിക്കാൻ പാവപ്പെട്ട തൊഴിലാളിക്ക് കഴിയുന്നില്ല. മാസം 600 ലിറ്റർ മണ്ണെണ്ണ റേഷൻ കടകൾവഴി കൊടുക്കേണ്ടതാണ്; അതിൽ ഒരു ലിറ്റർപോലും കൊടുക്കുന്നില്ല. ബീഡി വ്യവസായത്തെ സംബന്ധിച്ച് ശ്രീ. എം. പ്രകാശൻമാസ്റ്റർ ഇവിടെ സൂചിപ്പിച്ചു. ചെത്ത്-മദ്യരംഗത്ത് 1610 ഷാപ്പുകൾ അടച്ചുപൂട്ടി; പതിനായിരത്തോളം തൊഴിലാളികൾക്കാണ് ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ടത്. അതേസമയം വിദേശമദ്യഷാപ്പുകൾ ആവശ്യംപോലെ തുടങ്ങുകയാണ്. ചുമട്ടുരംഗത്ത് മൂന്നരലക്ഷത്തോളം തൊഴിലാളികളാണുള്ളത്. അറ്റാച്ച്ഡ്, അൺ അറ്റാച്ച്ഡ്, സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾ, പാവപ്പെട്ട തൊഴിലാളികൾ തുടങ്ങിയവർക്ക് പോവർട്ടി ഇടപെടലിന്റെ ഭാഗമായി തൊഴിലെടുക്കാൻ സാധിക്കുന്നില്ല. കേരള ഗവൺമെന്റ് കൊണ്ടുവന്ന ചുമട്ടുരംഗത്തെ കമ്പനിയും ഈ രംഗത്തെ സ്തംഭിപ്പിച്ചിരിക്കുകയാണ്. പത്ത് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന നിർമ്മാണരംഗം പരിപൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. മണൽ മാഫിയ സംഘം രംഗത്തുവന്നു. മണലിനു വിലകൂടി. ആർട്ടിസാൻസ്, ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ തുടങ്ങി പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവർ കൊടുംപട്ടിണിയിലാണ്. മോട്ടോർ വ്യവസായരംഗം നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രതിസന്ധി ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനയാണ്. 25 ശതമാനം ആണ് ഗവൺമെന്റിന് കിട്ടാൻപോകുന്ന സെയിൽസ് ടാക്സ്. ഇതിലെന്തെങ്കിലും കുറവു വരുത്തിയാൽ ഈ പ്രതിസന്ധിയിൽ നിന്നും ഈ വ്യവസായത്തെ രക്ഷിക്കാൻ കഴിയും കെ.എസ്.എഫ്.ഇ., കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവ

12.00 NOON] സ്വകാര്യവൽക്കരിക്കാൻ പോവുകയാണ്. കേരളത്തിന്റെ പൊതുസ്വത്ത് ചെലവഴിച്ച് വളരെ അഭിമാനകരമായ സ്മാർട്ട് സിറ്റിക്കുവേണ്ടി 62 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയും 5 ലക്ഷം സ്കയർ ഫീറ്റുള്ള 26 യൂണിറ്റുകളും കേവലം 138 കോടി രൂപയ്ക്കാണ് കൊടുക്കാൻപോകുന്നത്. 1114 കോടി രൂപ വിലമതിക്കുന്ന 300 ഏക്കർ ഭൂമിക്കാണ് ഈ കൊള്ള നടത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ കംപ്ലീറ്റ് പോയിരിക്കുന്നു. ലേബർ വകുപ്പ് എന്നു പറയുന്ന ഒരു വകുപ്പില്ല. ലേബർ വകുപ്പിൽ enforcement എന്നു പറയുന്ന ഒരു സാധനമില്ല. കർഷകത്തൊഴിലാളികൾക്ക് 27 മാസമായി പെൻഷനില്ല. ഇതൊക്കെ ഞങ്ങളുടെ ഇന്നത്തെ പൊതുപണിമുടക്കിന്റെ ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, 27 മാസമായി ഈ പാവപ്പെട്ട തൊഴിലാളിക്ക് പെൻഷനില്ല എന്ന്. മൂന്ന് മാസത്തെ പെൻഷൻ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ പറഞ്ഞു; ഇന്നേവരെ കൊടുത്തിട്ടില്ല. കർഷകത്തൊഴിലാളികൾ പരിപൂർണ്ണമായി ഒരുവർഷക്കാലമായി പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാ ക്ഷേമപദ്ധതികളും പൊളിച്ചു. 24 ക്ഷേമപദ്ധതികളാണ് കേരളത്തിലെ വേജർ, വ്യവസായ വകുപ്പുകളുടെ കീഴിലുള്ളത്. പെൻഷൻ പദ്ധതിയും ക്ഷേമപദ്ധതിയും പൊളിച്ചു. മാനേജുമെന്റ് അംശദായം കൊടുക്കുന്നില്ല. എല്ലാ ക്ഷേമപദ്ധതിയും പൊളിച്ചതിന്റെ ഭാഗമായി പത്തറുപതു ലക്ഷത്തോളം വരുന്ന തൊഴിലാളികളാണ് ബുദ്ധിമുട്ടുന്നത്. സഹകരണ രംഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി രൂപംകൊടുത്ത കമ്മിഷന്റെ അടിസ്ഥാനത്തിലുള്ള വേജ് അവർക്ക് കൊടുക്കുന്നില്ല. സ്വാശ്രയ സംഘങ്ങളുണ്ടാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. പാവപ്പെട്ട തൊഴിലാളിക്ക് ഒരു ദിവസം ഒരു നേരത്തെ ഭക്ഷണംപോലും ലഭിക്കുന്നില്ല. നമ്മുടെ അംഗൻവാടി പ്രസ്ഥാനം വളരെ പ്രധാനപ്പെട്ട ഒരു പ്രസ്ഥാനമായിരുന്നു. Pre-primary education പരിപൂർണ്ണമായും ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നു. അംഗൻവാടി പ്രസ്ഥാനത്തെയും നശിപ്പിക്കാൻപോവുകയാണ്. വിദ്യാഭ്യാസ പ്രശ്നവുമായി ബന്ധപ്പെട്ട് ഒന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽനിന്നും പരിപൂർണ്ണമായും ഗവൺമെന്റ് പിൻമാറുകയാണ്. ഈ മേഖലയിൽ സ്വകാര്യമൂലധനം ശക്തിപ്പെടുകയാണ്. 136 സ്വാശ്രയ കോളേജുകളാണ് വന്നത്. സാമൂഹ്യനീതി നിഷേധിച്ചു. അങ്ങ് ഒരു ഭരണഘടനാ വിദഗ്ധനാണെന്ന് എനിക്കറിയാം. Directive Principles-ലെ 51 (എ) വകുപ്പുപ്രകാരം നമ്മുടെ രാജ്യത്തിലെ സ്ത്രീകളുടെ മാനം സംരക്ഷിക്കാൻ, അവരുടെ ചാരിത്ര്യം സംരക്ഷിക്കാൻ കേരളത്തിലെ ഗവൺമെന്റിനും ഇന്ത്യാ രാജ്യത്തിലെ ഏതൊരു പൗരനും അവകാശമുണ്ട്. അത് അവരുടെ fundamental duty ആണ്. എന്താണ് ഈ പെൺകുട്ടികളോട് കാട്ടുന്നത്? എന്തു മര്യാദകെട്ട സമീപനമാണ് കാട്ടിയിട്ടുള്ളത്? ഭരണഘടനാവിരുദ്ധമായ സമീപനമല്ലേ? Directive Principles-ൽ ഉള്ളതാണ് ഞാൻ പറയുന്നത്. ഇന്ത്യാ രാജ്യത്തിന്റെ പരമാധികാരം കാത്തുസൂക്ഷിക്കുന്നതുപോലെ ദേശീയ പതാകയെ കാത്തുസൂക്ഷിക്കുന്നതുപോലെ, ഇന്ത്യാ രാജ്യത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെ മാനം കാത്തുസൂക്ഷിക്കണമെന്നുള്ളത് Directive Principles-ൽ ഉള്ളതാണ്. ആ ഭരണഘടനയെ നിർലജ്ജം ലംഘിക്കുകയല്ലേ ഇവർ ചെയ്തിട്ടുള്ളത്? അവരുടെ വീട്ടിലും പെൺകുട്ടികളില്ലേ? ആ പെൺകുട്ടികൾക്ക് നാളെ ഈ അനുഭവം വന്നാൽ എന്തായിരിക്കും സ്ഥിതി? ബഹുമാനപ്പെട്ട അങ്ങ് ഒരു ഭരണഘടനാ വിദഗ്ദ്ധനായതുകൊണ്ട് ഞാൻ പറയുകയാണ്, ആ പെൺകുട്ടിയുടെ കാലിന്റെ തുടയുടെ മുകളിൽ ബൂട്ടിട്ടു ചവിട്ടിപ്പൊട്ടിക്കുകയാണ്. കേരളത്തിൽ ജനകീയരോഷം ആളിക്കത്തുകയാണ്. 75 ലക്ഷത്തോളം വരുന്ന തൊഴിലാളികളും ജീവനക്കാരും ഇന്ന് സമരരംഗത്താണ്. ജനരോഷത്തിന്റെ ആളിക്കത്തലാണ് ഇന്ന് കേരളത്തിൽ കാണാൻ പോകുന്നത്. അധികകാലം ഇവർക്ക് നിൽക്കാൻ പറ്റില്ല. ഈ പ്രശ്നം യഥാർത്ഥത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. അടിയന്തിര പ്രമേയാവതരണത്തിന് എനിക്ക് അവസരം കിട്ടിയില്ല, Calling Attention-ന് എനിക്ക് അവസരം കിട്ടിയില്ല, സബ്മിഷന്റെ ഭാഗമായിട്ടെങ്കിലും ഇത് പറയാനുള്ള അവസരം ബഹുമാനപ്പെട്ട സ്പീക്കർ എനിക്കു തന്നതിൽ വളരെ നന്ദിയുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങൾക്കെല്ലാം വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞ തൊഴിൽ നഷ്ടപ്പെട്ടവരുടെ ലക്ഷക്കണക്കിനുള്ള എണ്ണം ഞാൻ കൂട്ടിനോക്കിയപ്പോൾ കേരളത്തിലെ ജനസംഖ്യ മുഴുവൻ തൊഴിലില്ലാത്തവരാണെന്ന് തോന്നിപ്പോയി. തൊഴിൽ വകുപ്പ് എന്നൊന്ന് ഇവിടെയില്ല, വളരെ അനാഥമായി കിടക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 5750 തൊഴിൽത്തർക്കങ്ങൾ തൊഴിൽ വകുപ്പ് ഇടപെട്ട് തീർപ്പാക്കിയിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ ഒരു കാര്യം അറിയണം, കഴിഞ്ഞ നാല് കൊല്ലവും ഓണക്കാലത്ത് ഒരു സമരവും നടക്കാതെ, ബോണസ് സമരം മുഴുവൻ സെറ്റിൽ ചെയ്തത് കേരളത്തിലെ തൊഴിൽ വകുപ്പാണ്, തൊഴിൽ വകുപ്പുമന്ത്രിയാണെന്നുള്ളത് ധരിക്കണം.....(ബഹളം).....

മി. സ്പീക്കർ: ഇത് സബ്മിഷനാണ്, എല്ലാ കാര്യത്തിലും ഇങ്ങനെ തുടങ്ങിയാൽ എങ്ങനെയാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരാവശ്യം ഉന്നയിച്ചിരുന്നു. സഹകാര്യവൽക്കരിക്കാൻ പോകുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു ചർച്ച വേണമെന്ന് പറഞ്ഞിരുന്നു. അദ്ദേഹവുമായി ചർച്ചനടത്തി. മറ്റു കക്ഷി നേതാക്കന്മാരുമുണ്ടായിരുന്നു. ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളൊരു തീരുമാനമെടുത്തു. സഹകാര്യവൽക്കരിക്കാൻ ശുപാർശ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവൽക്കരണ നടപടികൾ നിർത്തിവച്ചു. ലാഭത്തിൽ പ്രവർത്തിക്കുന്നവ സ്വകാര്യവൽക്കരിക്കുകയില്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഒരു one time help കിട്ടിയാൽ രക്ഷപ്പെടുമെന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യാനായി അവ പരിശോധിച്ചു വരികയാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് ഞങ്ങൾ ഉദ്ദേശിച്ച വേഗത്തിൽ ഒരു one time help എന്നുള്ളത് നടന്നിട്ടില്ല എങ്കിലും സ്വകാര്യവൽക്കരിക്കാനുള്ള നടപടികൾ നിർത്തിവച്ചു. അതേസമയം one time help-കൊണ്ട് രക്ഷപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെങ്കിൽ അവ തുടർന്നും നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. തോട്ടം തൊഴിലാളികളുടെ മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്; പ്രത്യേകിച്ചും തേയിലത്തോട്ടങ്ങൾ. അവിടെയുള്ള തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം വന്നു. തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ടു, ഞാൻ ഇടപെട്ടു, അതിലൊരു തീരുമാനമുണ്ടാകാതെ വന്നപ്പോൾ തൊഴിലാളികൾക്ക് അനുകൂലമായി അവർക്ക് വർദ്ധനവ് ലഭിക്കത്തക്ക വിധത്തിലുള്ള നോട്ടിഫിക്കേഷൻ തൊഴിൽ വകുപ്പ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുകയാണ്. തൊഴിലാളികളോട് കമ്മിറ്റ്മെന്റ് ഇല്ലെങ്കിൽ അങ്ങനെയൊരു നിലപാട് എടുക്കുമോ? തേയിലത്തോട്ടത്തിൽ കുറേ പ്രശ്നങ്ങളുണ്ട്. എന്നാൽപ്പോലും ഇന്നത്തെ ജീവിത സാഹചര്യത്തിൽ തൊഴിലാളികളുടെ ആവശ്യം പരിഗണിക്കേണ്ടതാണെന്നുള്ള വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയാണ് വന്നിട്ടുള്ളത്. തേയിലത്തോട്ടങ്ങളിലും ടെക്സ്റ്റൈൽ മേഖലയിലും തൊഴിലാളികൾ പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിന് വളരെയധികം പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മുഖ്യമായത് പരമ്പരാഗത വ്യവസായമേഖലയാണ്. കയർമേഖലയിലുണ്ടായിട്ടുള്ള സമരപ്രഖ്യാപനങ്ങളും സമരങ്ങളും അനുരഞ്ജന ചർച്ചകളിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കയർ മേഖലയിൽ സമരങ്ങളില്ല. അവിടെ പ്രശ്നങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല, അതിനനുസരിച്ച് ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യും. അതുപോലെ പരമ്പരാഗത മേഖലയിലെ എല്ലാ വ്യവസായങ്ങളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള പ്രതിസന്ധിയെ നേരിടുന്നുണ്ട്. ആ പ്രതിസന്ധിയെ നേരിടുന്ന അവസരത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി പരമാവധി ഈ മേഖലയിൽ അനുകൂലമായ സാഹചര്യങ്ങളുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഉദാഹരണത്തിന്, കൈത്തറി മേഖല, കണ്ണൂരാണ് കേരളത്തെ സംബന്ധിച്ചിടത്തോളം കൈത്തറിയുടെ സെന്റർ. അതുകൊണ്ട് കണ്ണൂർ കേന്ദ്രീകരിച്ച് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി കൈത്തറിക്കുവേണ്ടിയുള്ള ഒരു പ്രത്യേക പാർക്കിനുള്ള അനുമതി വന്നു, അതിന് സ്ഥലം കൊടുത്തു. അതുപോലെ കൈത്തറിയുമായി ബന്ധപ്പെട്ട് പല സ്കീമുകളും കണ്ണൂർ കേന്ദ്രീകരിച്ച് തുടങ്ങുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി തേടിയിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി common minimum programme-ൽ ഉൾപ്പെടുത്തി കേരളത്തിന് സഹായം തരുന്നതിനുവേണ്ടി പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് സംസാരിക്കുകയും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾ ഇന്നിവിടെ പ്രകടിപ്പിച്ച ആ വികാരം ഞാൻ ഉൾക്കൊള്ളുന്നു. അത് വേണ്ടത്ര വേഗതയിൽ പോകാതിരിക്കുന്നത് നമുക്കുള്ള പരിമിതികളും സാമ്പത്തിക ബുദ്ധിമുട്ടുകളുംകൊണ്ടാണ്. എന്നാലും പരമ്പരാഗത വ്യവസായ മേഖലയുൾപ്പെടെയുള്ള വ്യവസായ മേഖലയുടെ പ്രശ്നങ്ങൾ സംബന്ധിച്ചും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യവും പരിഗണിക്കും. ഏറ്റവും മിനിമമായിട്ടുള്ള കൂലിയെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിനുവേണ്ടി ഗവൺമെന്റ് സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇന്നത്തെ സമരത്തെക്കുറിച്ച് പറഞ്ഞു. ആ സമരം ഞാനോ ഗവൺമെന്റോ ഒന്നും വിചാരിച്ചാൽ തീരുന്ന പ്രശ്നമല്ല. ഞങ്ങളിപ്പോൾ തുടർച്ചയായി ഓരോ വിഭാഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് സമരം ചെയ്യാൻ പോവുകയാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ പറഞ്ഞു. അത് അതിന്റെ ഭാഗമായി നടക്കും. ഞാൻ ഇപ്പോൾ എന്തെല്ലാം ചെയ്തുവെന്നു പറഞ്ഞാലും ആ സമരം ഉണ്ടാകും. അതുകൊണ്ട് ആ സമരത്തിന് ആധാരമായി പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യാമെന്ന് വീണ്ടും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഇന്ന് 11.30-ന് കൂടാൻ നിശ്ചയിച്ചിരുന്ന ബി.എ.സി. സമയം വൈകിയതുകൊണ്ട് 12.45-ന് കൂടാം.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്യുതാനന്ദൻ)* : സർ, ട്രേഡ് യൂണിയനുകളുടെ അഭ്യർത്ഥന മാനിച്ച് കേരളത്തിലെ തൊഴിലാളികൾ ശക്തമായ ഒരു പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഞങ്ങൾ അതിനോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അവശേഷിക്കുന്ന സമയം സ്വാനടപടികൾ ബഹിഷ്കരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. അക്കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരമ്പരാഗത വ്യവസായത്തൊഴിലാളികളുടെ കാര്യം ഇവിടെ പറഞ്ഞു. പൊതുമേഖലയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ പ്രഖ്യാപനങ്ങളെല്ലാം നടത്തി. അതെല്ലാം നല്ലതുതന്നെയാണ്. പ്രായോഗികമായി നടപ്പിലാക്കി തൊഴിലാളികൾക്ക് ഭോഭ്യപ്പെടുന്ന കാര്യങ്ങൾ പ്രഖ്യാപനങ്ങൾ എന്നുള്ള നിലയിൽ അവസാനിക്കുക എന്നതാണ് കേരളത്തിലെ സ്ഥിതി. ആ സ്ഥിതി ഒഴിവാക്കി പ്രഖ്യാപനങ്ങളെ യാഥാർത്ഥ്യമാക്കത്തക്ക തരത്തിലുള്ള നടപടികളുംകൂടി ഗവൺമെന്റ് സ്വീകരിച്ചാൽ കൊള്ളാം. കൂടുതൽ സമരത്തിലേക്ക് പോകാൻപോകുന്നു എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു. അത് അങ്ങനെയല്ല അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കേണ്ടത്. ഞങ്ങൾ ഇപ്പോൾ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ കഴിഞ്ഞ തവണ കർഷകരുടെ ആവശ്യത്തെപ്പറ്റി നടത്തിയ സമരത്തെപ്പറ്റി പറഞ്ഞു. അങ്ങനെ ഓരോ ആവശ്യങ്ങൾക്കുവേണ്ടി സമരം നടത്തുന്നുണ്ട്; പ്രക്ഷോഭം നടത്തുന്നുണ്ട്; ഗവൺമെന്റ് ഇടപെടുന്നുണ്ട്. ഗവൺമെന്റ് ചില തീരുമാനങ്ങൾ പ്രഖ്യാപിച്ചു. അതെല്ലാം പ്രഖ്യാപനങ്ങളായി നിൽക്കുന്നു. അതൊന്നും നടപ്പാക്കാറില്ല.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: നെൽക്കൃഷിക്കാരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് നടപ്പിലാക്കാത്തതെന്ന് പറഞ്ഞാൽ കൊള്ളാം. ഈ സഭയിൽ രാവിലേയും പറഞ്ഞു; നെല്ല് എടുക്കാൻ തുടങ്ങിയിട്ട് കുറേ വർഷങ്ങളായി; ഒൻപത് വർഷമായി എന്നാണ് എന്റെ ഓർമ്മ. ഇതിനിടയിൽ ഒരു വർഷത്തിൽ അഞ്ച് കോടി രൂപയിൽ കൂടുതൽ കൊടുത്തിട്ടില്ല. ഈ വർഷം 18 കോടി രൂപ അതിനുവേണ്ടി കൊടുത്തു. കഴിഞ്ഞ വർഷങ്ങളിലൊക്കെ ഉണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർത്തു. സഹകരണ സംഘങ്ങൾ എടുത്തിട്ടുള്ള നെല്ല് ഇതുവരെ സർക്കാർ ഏറ്റെടുത്തിട്ടില്ല എന്ന് അങ്ങും ഡോ. കെ. സി. ജോസഫ് അടക്കമുള്ള ആളുകളും ഈ സഭയിൽ പറഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ഈ വർഷം ആദ്യമായി സംഘങ്ങൾ എടുത്ത നെല്ല് എടുക്കാൻ ഇവിടെ തീരുമാനമെടുത്തു. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് നെല്ല് എടുത്ത ഏജൻസികളോട് അതിന്റെ സ്റ്റോക്ക് ആവശ്യപ്പെട്ടു. 45000 ടൺ സ്റ്റോക്ക് ഉണ്ടെന്ന് അവർ അറിയിച്ചിട്ടുണ്ട്. 45000 ടൺ സ്റ്റോക്കും സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കാൻ തീരുമാനിച്ചു. അതിനുശേഷം പലരും ഞങ്ങളുടെ കയ്യിൽ സ്റ്റോക്ക് ഉണ്ടെന്ന് പറഞ്ഞ് വന്നു. ചില ജന്യൂവിൻ കേസുകളുണ്ട്. അത് ഇല്ലെന്നു ഞാൻ പറയുന്നില്ല. തമിഴ്നാട്ടിൽനിന്നും ധാരാളം നെല്ല് ഇവിടെ വന്നിട്ടുണ്ട്. കൊപ്ര സംഭരണത്തിന്റെ അനുഭവം നമുക്കുണ്ട്. ആ നെല്ല് മുഴുവൻ നമുക്ക് എടുക്കാൻ പറ്റുമോ? അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. അഞ്ച് കോടി രൂപയിൽ കൂടുതൽ ഒരു വർഷവും കൊടുക്കാത്ത സ്ഥാനത്ത് 18 കോടി രൂപ ഈ വർഷം ഞങ്ങൾ നെൽക്കർഷകർക്കുവേണ്ടി ചെലവഴിച്ചുകഴിഞ്ഞു. ഒരുമണി നെല്ല്പോലും അങ്ങയുടെ പാർട്ടി ഭരിച്ചിരുന്ന അവസരത്തിലും എടുത്തിട്ടില്ല. ഇപ്പോൾ ആദ്യമായിട്ട് എന്ത് നഷ്ടം വന്നാലും ആ നഷ്ടം സഹിച്ചുകൊണ്ട് നെല്ല് മുഴുവൻ എടുക്കാൻ തീരുമാനിച്ചു. സ്റ്റോക്ക് ചോദിച്ചപ്പോൾ 45000 ടൺ എന്നു പറഞ്ഞു. ആ 45000 ടൺ നെല്ലും ഞങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്; അത് എടുക്കും. അതിൽ സംശയമില്ല. അന്ന് ഞങ്ങൾക്ക് ചില കേസുകൾ പറയാൻ വിട്ടുപോയിട്ടുണ്ട്. അങ്ങേക്ക് നേരിട്ടറിയാം. പക്ഷേ, അവരെ സഹായിക്കാൻ പോയാൽ തമിഴ്നാട്ടിൽനിന്നും വിലകുറച്ചു കൊണ്ടുവന്ന നെല്ല് കൂടി നമ്മൾ എടുത്തിട്ട് സംസ്ഥാന ഗവൺമെന്റിന് താങ്ങാൻ പറ്റാത്ത വിധത്തിലുള്ള ഒരു ബാദ്ധ്യത വരും. ബാദ്ധ്യത മാത്രമല്ല മനഃസാക്ഷിക്ക് നിരക്കാത്ത വിധത്തിലുള്ള പ്രവർത്തനത്തിന് നാം കൂട്ടു നിൽക്കേണ്ടിവരും. അതിന് കൂട്ടുനിൽക്കാൻ പറ്റാത്തതുകൊണ്ടാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് ദയവു ചെയ്ത് ഇത് ഇങ്ങനെ ആവർത്തിക്കരുത്. ഈ പറഞ്ഞ കാര്യങ്ങളിൽ അങ്ങേക്ക് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ഞാൻ എല്ലാ ഫയലും അങ്ങേക്ക് കാണിച്ചുതരാം. ഇതാണ് ഗവൺമെന്റിന്റെ നിലപാട്. ചെയ്യാവുന്ന കാര്യങ്ങൾ മാത്രമേ പറയുകയുള്ളു. പറയുന്ന കാര്യം ഞങ്ങൾ ചെയ്തിരിക്കും; ചെയ്തിട്ടുമുണ്ട്. അങ്ങ് പല പ്രാവശ്യം ആവർത്തിക്കുന്നതുകൊണ്ടാണ് ഞാൻ പറഞ്ഞത്. വിവാദങ്ങൾ അല്ലാത്ത കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മാധ്യമങ്ങൾക്ക് താൽപ്പര്യമില്ല. ഗവൺമെന്റ് പറഞ്ഞാൽ കേൾക്കില്ല എന്ന് പറഞ്ഞാൽ അവർക്ക് വലിയ വാർത്തയാണ്. ഗവൺമെന്റ് ചെയ്ത കാര്യം ആത്മാർത്ഥതയോടുകൂടി പറഞ്ഞാൽ അത് ജനങ്ങൾ അറിയുകയില്ല. അങ്ങ് പല പ്രാവശ്യം പറഞ്ഞതുകൊണ്ടാണ് ഞാൻ ആവർത്തിക്കുന്നത്. ഇതിനുമുൻപ് നെൽകൃഷിക്കാർക്കുവേണ്ടി ഒരു ഗവൺമെന്റും ചെയ്തിട്ടില്ലാത്ത കാര്യങ്ങളാണ് ഈ ഗവൺമെന്റ് ചെയ്യുന്നത് എന്ന് അഭിമാനത്തോടുകൂടി പറയുന്നു.

ഡോ. കെ. സി. ജോസഫ് : സഹകരണ സംഘങ്ങൾ സംഭരിച്ച നെല്ലിന്റെ സ്റ്റോക്ക് അറിയിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. രണ്ട് മൂന്ന് ആഫീസിന്റെ പേര് പത്രത്തിലും കൊടുത്തു. ആലപ്പുഴ ജില്ലയിൽ സിവിൽ സപ്ലൈസ് വകുപ്പിന് ആഫീസ് ഇല്ല. തൊട്ടടുത്ത ആഫീസ് എന്ന് പറയുന്നത് കോട്ടയത്തെ റീജിയണൽ ആഫീസാണ്. അവിടെ ഈ പറഞ്ഞ തീയതിക്കുമുമ്പ് ആളുകളിൽനിന്നും നെല്ല് എടുത്തിട്ടില്ല. ആലപ്പുഴക്കാർ എറണാകുളത്ത് കൊടുത്താൽ മാത്രമേ എടുക്കുകയുള്ളു എന്ന് പറഞ്ഞ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ച തീയതിക്കുള്ളിൽ അറിയിച്ചിട്ടുള്ള നെല്ലുപോലും എടുത്തിട്ടില്ല എന്നുള്ള വസ്തുത നിൽക്കുന്നു. അക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നതാണ്. അത് എന്തുകൊണ്ട് പരിഗണിച്ചില്ല എന്നതാണ് എനിക്ക് അറിയാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി : പറഞ്ഞ സമയത്തിനുള്ളിൽ പറഞ്ഞിട്ടുള്ള നെല്ല് മുഴുവൻ എടുക്കും. കർഷകർക്കുവേണ്ടി ഇത്രയും ചെയ്തിട്ടുള്ള ഒരു ഗവൺമെന്റ് ഇല്ല എന്ന് എനിക്ക് ഇവിടെ പരസ്യമായി പറയാൻ കഴിയും.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെല്ലിനെക്കുറിച്ച് പരാമർശിച്ചു എന്ന് പറഞ്ഞുകൊണ്ട് ഇപ്പോൾ കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഇടതുപക്ഷം ഭരിച്ചിരുന്ന അവസരത്തിൽ ഒരുമണിനെല്ലുപോലും എടുത്തിട്ടില്ല എന്ന് കൂട്ടത്തിൽ അദ്ദേഹം തട്ടി; അത് തെറ്റാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് എടുക്കുകയും കൃഷിക്കാരെ സഹായിക്കുകയും കോർപ്പറേഷനെ സഹായിക്കുകയും ഫുഡ് കോർപ്പറേഷൻ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയുടെ പുറകെ പോകാതെ ഇവിടെത്തന്നെ പുഞ്ച നെല്ല് അരിയാക്കി നമ്മുടെ റേഷൻ കടകൾവഴി വിതരണം ചെയ്യുകയും ചെയ്തു.

ശ്രീ. ഉമ്മൻ ചാണ്ടി : അത് ശരിയാണെന്ന് ഡോ. കെ. സി. ജോസഫ് പറയട്ടെ.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഡോ. കെ. സി. ജോസഫിന് അത് എതിർക്കാൻ കഴിയില്ല. വസ്തുതയല്ലേ ഞാൻ പറഞ്ഞത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തെ നെല്ല് സംഭരണത്തെക്കുറിച്ചും ജനങ്ങളെ സഹായിച്ചതിനെക്കുറിച്ചും താമതമുപ്പെടുത്തണ്ട. നാല് മാസത്തിനുമുൻപാണ് പാലക്കാട് കൊയ്ത്ത് കഴിഞ്ഞത്. അന്ന് മുതൽ നെല്ലിന് സഹായ വില പ്രഖ്യാപിച്ചശേഷം സംഭരണം നടത്തുക എന്നുള്ള നിലപാട് പല പ്രാവശ്യം ഞങ്ങൾ ഇവിടെ പറയുകയും സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള കുടിശ്ശികയുടെ കാശ് കുറച്ച് താമസിച്ച് ആണെങ്കിലും കൊടുക്കുകയും ചെയ്തു. സഹകരണ സംഘങ്ങൾ വാങ്ങാൻ തയ്യാറായില്ല. കാരണം 750 രൂപയ്ക്ക് ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ 500-ഉം 550-ഉം രൂപയ്ക്ക് റൈസ് മിൽ ഉടമകൾ നെല്ല് എടുത്തു തുടങ്ങി. ഇപ്പോൾ സഹകരണ സംഘങ്ങൾ ഇത് എടുത്തു കഴിഞ്ഞാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കും എന്ന പ്രഖ്യാപനം വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദ്യം കുറച്ചു കുടിശ്ശിക കൊടുത്തുവെങ്കിലും സഹകരണ സംഘങ്ങൾ നെല്ല് എടുക്കാതെ വന്നപ്പോൾ നെൽകൃഷിക്കാർ കടത്തിൽ കുമ്പാരം കൂടി. അദ്ദേഹം പറഞ്ഞതുകൊണ്ട് അദ്ദേഹത്തോട് മറുപടി പറയാതിരിക്കാൻ സാധിക്കില്ല. ഞാൻ ഇത് സംബന്ധിച്ച് പറഞ്ഞിട്ടുള്ളത് സത്യമാണ്. ഇപ്പോഴും കുട്ടനാട്ടിലും കോട്ടയത്തും പാലക്കാടും കൃഷിക്കാരുടെ നെല്ല് സംഭരിക്കാതെ കിടക്കുകയാണ് എന്നുള്ള സത്യം അങ്ങ് മനസ്സിലാക്കണം. 45000 ടൺ നെൽ എടുക്കാൻ പോകുന്നു എന്ന് പറഞ്ഞത് നല്ല കാര്യമാണ്. തമിഴ്നാട്ടിൽനിന്നും വരുന്ന വില കുറഞ്ഞ നെല്ല് നമ്മുടെ സഹകരണ സംഘങ്ങളോ വ്യക്തികളോ ആരെങ്കിലും വാങ്ങിയിട്ട് ഗവൺമെന്റിനെ പറ്റിക്കാൻ ശ്രമിക്കുകയാണെങ്കിൽ അതിൽ ഒരുമണിനെല്ലുപോലും എടുക്കണ്ട എന്നുള്ള നിലയിൽ ഗവൺമെന്റിനെ ഞങ്ങൾ സപ്പോർട്ട് ചെയ്യാൻ തയ്യാറാണ്. സഹകരണ സംഘങ്ങൾ കൃഷിക്കാരിൽനിന്നും സംഭരിച്ചതിന്റെ രേഖകൾ കാണിച്ചുകൊണ്ട് ഭക്ഷ്യമന്ത്രിയെ സമീപിച്ച് അങ്ങനെയുള്ള ചില ആളുകളെ പരിചയപ്പെടുത്തി. യഥാർത്ഥ വസ്തുതകൾ പരിശോധിച്ചിട്ട് സത്യമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അവർ സംഭരിച്ച നെല്ല് ഗവൺമെന്റ് എടുക്കണം എന്നാണ് പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ : സീറോ അവറിൽ ഇത്ര സമയം വൈകി. സബ്മിഷൻ നടന്നുകൊണ്ടിരിക്കുകയാണ്. കാഷ്വൽ പരാമർശങ്ങൾക്ക് മുഖ്യമന്ത്രിയും പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവും ഇങ്ങനെ ദീർഘിപ്പിച്ചു പോയാൽ ഞാൻ ഇടപെടേണ്ടിവരും. മറ്റുള്ളവരുടേയും അഭിപ്രായങ്ങൾ നമ്മൾ ആദരിക്കണം. അതുകൊണ്ട് അതിനെപ്പറ്റിയുള്ള ചർച്ച തൽക്കാലം നിർത്തി വച്ച് സബ്മിഷൻ തീർക്കട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : നിരാഹാര സമരത്തിൽ ഉണ്ടായിട്ടുള്ള ഒത്തുതീർപ്പ് എന്നുപറയുന്നത് നെല്ല് സംഭരണം, അതുപോലെതന്നെ മുഞ്ഞ ബാധിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാരം, പതിനായിരക്കണക്കിന് ഏക്കർ കൃഷി നശിച്ചുപോയവർക്കുള്ള നഷ്ടപരിഹാരം എന്നിവ നൽകാമെന്നുള്ള ഉറപ്പാണ് അവ ഒന്നും പാലിച്ചിട്ടില്ല. അതുപോലെതന്നെ കൃഷിക്കാരുടെ ഇൻഷ്വറൻസിലെ ഫസ്റ്റ് പ്രീമിയം ഗവൺമെന്റ് അടയ്ക്കാം എന്നുപറഞ്ഞു, അടച്ചില്ല. 1300 ആളുകൾ കേരളത്തിൽ മരിച്ചു എങ്കിലും സർക്കാരിന്റെ കണക്ക് 215 ആണ്. ആ 215 പേർക്കെങ്കിലും ഒരു ലക്ഷം രൂപ കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു, അത് കൊടുക്കാമെന്ന് പറഞ്ഞു. കൊടുത്തില്ല. ഇങ്ങനെ നാല് കാര്യങ്ങളും ഗവൺമെന്റ് എഴുതിത്തന്ന നിരാഹാര സമരത്തിന്റെ ഒത്തുതീർപ്പാണെങ്കിലും ഈ നിലയിൽ കിടക്കുകയാണ് എന്ന സത്യം അങ്ങ് മറക്കരുത്. അത് സത്യം തന്നെയാണ്. ഗവൺമെന്റിന് അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത മനസ്സിലാക്കിത്തരാൻവേണ്ടി ഞാൻ പറഞ്ഞു എന്നേയുള്ളൂ, ഞങ്ങൾ ഇന്നത്തെ സഭാ നടപടികൾ ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോകുന്നതുകൊണ്ട് ഞങ്ങളുടെ മെമ്പർമാർ ഇന്നത്തെ സിറ്റിംഗ് ഫീസ് വാങ്ങുന്നതല്ല. ചില ആളുകൾ ഒപ്പിട്ടിട്ടുണ്ട് എങ്കിലും ആബ്സന്റ് ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്, ഞങ്ങൾ എഴുതിയും കൊടുത്തിട്ടുണ്ട്. അക്കാര്യംകൂടി അറിയിക്കുന്നു.

മി. സ്പീക്കർ : ഇറങ്ങിപ്പോക്കല്ല, സഭാനടപടികളിൽ പങ്കെടുക്കുന്നില്ല എന്നുള്ളതല്ലേ?

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സഭാനടപടികളിൽ തുടർന്ന് പങ്കെടുക്കുന്നില്ല.

(ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

(2) വൈദികരേയും വിശ്വാസികളേയും മർദ്ദിച്ച സംഭവം

ശ്രീ. വി. ജെ. പൗലോസ് : സർ, ആലുവ തൃക്കുന്നത്തുകാവ് സെമിനാരിക്കു മുമ്പിൽ യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവ തോമസ് പ്രഥമൻ നടത്തിയ നിരാഹാര പ്രാർത്ഥനാ യജ്ഞത്തിന് അനുഭാവം രേഖപ്പെടുത്തുന്നതിന് എത്തിച്ചേർന്ന വൈദികരേയും വിശ്വാസികളേയും ക്രൂരമായി മർദ്ദിച്ച് അവശരാക്കിയ പോലീസ് നടപടിയെ സംബന്ധിച്ചാണ് എനിക്ക് ഈ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്. ശ്രേഷ്ട ബാവയെ ഇത്തരം കടുത്ത നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിച്ചതിന്

LIBRARY ARCHIVES Kerala Legislative Assembly